## മധുരമായ കുട്ടികളേ– ബാബ വന്നിരിക്കുകയാണ് നിങ്ങൾ കുട്ടികളെ സ്വച്ഛബുദ്ധിയുള്ളവരാക്കി മാറ്റാൻ, എപ്പോൾ സ്വച്ഛമായി മാറുന്നുവോ അപ്പോൾ നിങ്ങൾ ദേവതയായി മാറും.

**ചോദ്യം** – ഈ ഡ്രാമയിൽ ബാബക്കുപോലും മോചനമില്ലാത്ത ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ പദ്ധതി ഏതാണ്?
**ഉത്തരം** – ഓരോ കൽപത്തിലും ബാബക്ക് തന്റെ കുട്ടികളുടെ അടുത്തേക്ക് വരികതന്നെ വേണം, പതിതരും ദുഃഖികളുമായ കുട്ടികളെ സുഖിയാക്കി മാറ്റണം – ഡ്രാമയുടെ ഈ പദ്ധതി ഇങ്ങിനെ ഉണ്ടാക്കപ്പെട്ടതാണ്, ഈ ബന്ധനത്തിൽ നിന്ന് ബാബക്കുപോലും മോചനം ലഭിക്കുന്നില്ല.

**ചോദ്യം** – പഠിപ്പിക്കുന്ന ബാബയുടെ മുഖ്യമായ വിശേഷത എന്താണ്?
**ഉത്തരം** – ബാബ വളരെ നിരഹങ്കാരിയായി മാറി പതിതമായ ലോകത്തിൽ, പതിതമായ ശരീരത്തിലേക്ക് പ്രവേശിക്കുന്നു. ബാബ ഈ സമയത്ത് നിങ്ങളെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റുന്നു, നിങ്ങൾ ദ്വാപരയുഗത്തിൽ ബാബക്കുവേണ്ടി സ്വർണ്ണത്തിന്റെ ക്ഷേത്രമുണ്ടാക്കുന്നു.

**ഗീതം** – ഈ പാപത്തിന്റെ ലോകത്തിൽനിന്ന്...

**ഓം ശാന്തി** – മധുര മധുരമായ ആത്മീയ കുട്ടികൾ ഈ ഗീതം കേട്ടുവോ. രണ്ട് ലോകമാണ് – ഒന്ന് പാപത്തിന്റെ ലോകം, മറ്റൊന്ന് പുണ്യത്തിന്റെ ലോകം. ദുഃഖത്തിന്റെ ലോകവും, സുഖത്തിന്റെ ലോകവും. സുഖം തീർച്ചയായും പുതിയ ലോകത്തിലാണ്, പുതിയ കെട്ടിടത്തിലാണ് ഉണ്ടാവുക. പഴയ കെട്ടിടത്തിൽ ദുഃഖമേ ഉണ്ടാകുള്ളൂ അതുകൊണ്ടാണ് പഴയ കെട്ടിടത്തെ നശിപ്പിക്കുന്നത്. പിന്നീട് പുതിയ കെട്ടിടത്തിൽ സുഖമായിട്ടിരിക്കാം. ഇപ്പോൾ കുട്ടികൾക്കറിയാം, ഭഗവാനെ ഒരു മനുഷ്യരും അറിയുന്നില്ല. രാവണരാജ്യമായതുകാരണം തികച്ചും കല്ലുബുദ്ധിയാണ്, തമോപ്രധാനബുദ്ധിയായിരിക്കുന്നു. ബാബ വന്ന് മനസ്സിലാക്കിത്തരികയാണ് എന്നെ ഭഗവാനെന്ന് പറയുന്നുണ്ട്. പക്ഷേ ആരും അറിയുന്നില്ല. ഭഗവാനെ അറിയുന്നില്ലെങ്കിൽപ്പിന്നെ എന്തു പ്രയോജനം. ദുഃഖത്തിൽ മാത്രമാണ് അല്ലയോ പ്രഭുവെന്നും, അല്ലയോ ഈശ്വരാ എന്നും വിളിക്കുന്നത്. പക്ഷേ അത്ഭുതമാണ്, ഒരു മനുഷ്യർക്കുപോലും പരിധിയില്ലാത്ത അച്ഛനായ രചയിതാവിനെ അറിയുന്നില്ല. സർവ്വവ്യാപിയാണ്, തൂണിലും തുരുമ്പിലും പരമാത്മാവാണ് എന്നെല്ലാം പറയും. ഇത് പരമാത്മാവിനെ ഗ്ലാനി ചെയ്യുന്നതു പോലെയാണ്. ബാബയെ എത്രയാണ് ആക്ഷേപിക്കുന്നത്. അതുകൊണ്ട് ഭഗവാനുവാചയാണ് – എപ്പോഴാണോ ഭാരതത്തിൽ എന്റെയും ഒപ്പം ദേവീദേവന്മാരുടേയും ഗ്ലാനി ചെയ്ത് ചെയ്ത് പടികളിറങ്ങി തമോപ്രധാനമായി മാറുന്നത്, അപ്പോൾ ഞാൻ വരുന്നു. ഡ്രാമയനുസരിച്ച് കുട്ടികൾ പറയുന്നു ഈ പാർട്ടിലേക്ക് വീണ്ടും വരണം. ബാബ പറയുന്നു ഈ ഡ്രാമ ഉണ്ടാക്കപ്പെട്ടതാണ്. ഞാനും ഡ്രാമയുടെ ബന്ധനത്തിൽ ബന്ധിക്കപ്പെട്ടിരിക്കുകയാണ്. ഈ ഡ്രാമയിൽനിന്നും എനിക്കുപോലും മോചനമില്ല. എനിക്കും പതിതരെ പാവനമാക്കി മാറ്റാൻ വരേണ്ടതായിവരുന്നു. ഇല്ലെങ്കിൽ പുതിയ ലോകം ആര് സ്ഥാപിക്കും? കുട്ടികളെ രാവണന്റെ രാജ്യത്തിൽനിന്നും, ദുഃഖത്തിൽനിന്നും മോചിപ്പിച്ച് പുതിയ ലോകത്തിലേക്ക് ആര് കൊണ്ടുപോകും? ഈ ലോകത്തിൽ ഇങ്ങനെ വളരെയധികം ധനവാന്മാരായ മനുഷ്യരുണ്ട്, അവർ മനസ്സിലാക്കുന്നത് ഞങ്ങൾ സ്വർഗ്ഗത്തിലിരിക്കുകയാണ് എന്നാണ്. ധനമുണ്ട്, കൊട്ടാരമുണ്ട്, വിമാനമുണ്ട്. പക്ഷെ പെട്ടെന്ന് രോഗം വരുന്നു, നോക്കിയിരിക്കെ മരിച്ചുപോകുന്നു, എത്ര ദുഃഖികളാകുന്നു. സത്യയുഗത്തിൽ ഒരിക്കലും അകാലമൃത്യുവുണ്ടാകുന്നില്ല, ദുഃഖത്തിന്റെ കാര്യമേയുണ്ടാകുന്നില്ല എന്ന് അവർ അറിയുന്നില്ല. സത്യയുഗത്തിൽ ആയുസ്സ് വളരെ നീണ്ടതായിരിക്കും. ഇവിടെ പെട്ടെന്ന് മരിച്ചുപോകുന്നു. സത്യയുഗത്തിൽ ഇങ്ങനെയുള്ള കാര്യങ്ങളുണ്ടാകുന്നില്ല. അവിടെ എന്തായിരിക്കും. ഇതും ആർക്കും അറിയുന്നില്ല അതുകൊണ്ട് ബാബ പറയുന്നു എത്ര തുച്ഛബുദ്ധിയാണ്. ഞാൻ വന്ന് ഇവരെ സ്വച്ഛബുദ്ധിയുള്ളവരാക്കി മാറ്റുന്നു. രാവണൻ കല്ലുബുദ്ധിയും തുച്ഛബുദ്ധിയുമാക്കി മാറ്റുന്നു. ഭഗവാൻ സ്വച്ഛബുദ്ധിയുള്ളവരാക്കി മാറ്റുകയാണ്. ബാബ നിങ്ങളെ മനുഷ്യരിൽനിന്നും ദേവതകളാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. എല്ലാ കുട്ടികളും പറയുന്നു, ഞങ്ങൾ സൂര്യവംശി മഹാരാജാവും, മഹാറാണിയുമാകാൻ വന്നിരിക്കുകയാണ്. ലക്ഷ്യം മുന്നിലുണ്ട്. നരനിൽനിന്നും നാരായണനായി മാറണം. ഇതാണ് സത്യനാരായണന്റെ കഥ. പിന്നീട് ഭക്തിയിൽ ബ്രാഹ്മണൻ കഥ കേൾപ്പിച്ചുകൊണ്ടിരിക്കുന്നു. വാസ്തവത്തിൽ (കഥകേട്ട്) ആരും നരനിൽനിന്നും നാരായണനായി മാറുന്നില്ല. നിങ്ങൾ വാസ്തവത്തിൽ നരനിൽനിന്നും നാരായണനായി

മാറാൻ വന്നിരിക്കുകയാണ്. ചിലർ ചോദിക്കും താങ്കളുടെ ഈ പ്രസ്ഥാനത്തിന്റെ ഉദ്ദേശ്യമെന്താണ്? പറയൂ നരനിൽനിന്നും നാരായണനായി മാറണം– ഇതാണ് നമ്മുടെ ഉദ്ദേശ്യം. പക്ഷേ ഇതൊരിക്കലും പ്രസ്ഥാനമല്ല. ഇത് കുടുംബമാണ്. അമ്മയും, അച്ഛനും, കുട്ടികളും. ഭക്തിമാർഗ്ഗത്തിലും നിങ്ങൾ പാടിയിട്ടുണ്ടായിരുന്നു. അങ്ങ് ഞങ്ങൾക്ക് മാതാവും പിതാവുമാണ്...... അല്ലയോ ഭഗവാനേ, മാതാവും പിതാവുമായ അങ്ങെപ്പോഴാണോ വരുന്നത് അപ്പോൾ ഞങ്ങൾ അങ്ങയിൽനിന്നും അളവില്ലാത്ത സുഖം നേടും, ഞങ്ങൾ വിശ്വത്തിന്റെ അധികാരിയായി മാറും. ഇപ്പോൾ നിങ്ങളും വിശ്വത്തിന്റെ അധികാരിയായി മാറുന്നവരല്ലേ, അതും സ്വർഗ്ഗത്തിന്റെ. ഇപ്പോൾ ഇങ്ങനെയുള്ള ബാബയെ കണ്ട് എത്ര സന്തോഷമുണ്ടായിരിക്കണം. ബാബയെ പകുതി കൽപത്തോളം ഓർമ്മിച്ചു – അല്ലയോ ഭഗവാനേ വരൂ, അങ്ങ് വരികയാണെങ്കിൽ ഞങ്ങൾ അങ്ങയിൽനിന്നും വളരെ സുഖം നേടും. ഈ പരിധിയില്ലാത്ത ബാബ പരിധിയില്ലാത്ത സമ്പത്താണ് നൽകുന്നത്. അതും 21 ജന്മത്തേക്ക് വേണ്ടി. ബാബ പറയുന്നു – ഞാൻ നിങ്ങളെ ദൈവീകസമ്പ്രദായ ത്തിലേക്ക് മാറ്റുന്നു. രാവണൻ ആസുരീയസമ്പ്രദായമാക്കി മാറ്റുന്നു. ഞാൻ ആദിസനാതനദേവീദേവതാ ധർമ്മത്തിന്റെ സ്ഥാപനയാണ് ചെയ്യുന്നത്. സത്യയുഗത്തിൽ പവിത്രത കാരണം ആയുസ്സും വളരെ നീണ്ടതായിരിക്കും. ഇവിടെയുള്ളവർ ഭോഗികളാണ്, ആകസ്മികമായി മരിച്ചുകൊണ്ടിരിക്കുന്നു. ഇവിടെ ചെയ്യുന്ന യോഗത്തിലൂടെ നേടിയെടുത്ത സമ്പത്താണ് അവിടെ ഉണ്ടായിരിക്കുക. ആയുസ്സ് 150 വർഷം ഉണ്ടായിരിക്കും. തന്റേതായ സമയത്ത് ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊന്ന് സ്വീകരിക്കും. ഈ ജ്ഞാനം ബാബയാണ് തരുന്നത്. ഭക്തർ ഭഗവാനെ അന്വേഷിക്കുന്നു, ശാസ്ത്രങ്ങൾ പഠിക്കുന്നതും തീർത്ഥാടനം ചെയ്യുന്നതുമെല്ലാം ഭഗവാനെ ലഭിക്കാനുള്ള വഴിയാണെന്ന് കരുതുന്നു. ബാബ പറയുന്നു, ഇതൊന്നും വഴിയല്ല. വഴി ഞാനാണ് പറഞ്ഞുതരുന്നത്. നിങ്ങൾ പറഞ്ഞിട്ടുണ്ടായിരുന്നു – അല്ലയോ അന്ധന്മാർക്ക് ഊന്നുവടിയായ പ്രഭൂ, അങ്ങ് വരൂ, ഞങ്ങളെ ശാന്തിധാമത്തിലേക്കും, സുഖധാമത്തിലേക്കും കൊണ്ടുപോകൂ. ബാബയാണ് സുഖധാമത്തിന്റെ വഴി പറഞ്ഞുതരുന്നത്. ബാബ ഒരിക്കലും ദുഃഖം നൽകുന്നില്ല. ഇതെല്ലാം ബാബയുടെ മേൽ ചാർത്തുന്ന അസത്യമായ കുറ്റാരോപണമാണ്. ചിലർ മരിച്ചാൽ (ബന്ധുക്കൾ) ഭഗവാനെ ആക്ഷേപിക്കുന്നു. ബാബ പറയുന്നു, ഞാനാരെയും കൊല്ലുന്നില്ല. അഥവാ ദുഃഖം നൽകുന്നില്ല. ഇത് ഓരോരുത്തരുടേയും പാർട്ടാണ്. ഞാൻ സ്ഥാപിക്കുന്ന രാജ്യത്തിൽ അകാലമൃത്യു, ദുഃഖം ഇവയൊന്നും ഉണ്ടാകുന്നില്ല. ഞാൻ നിങ്ങളെ സുഖധാമത്തിലേക്ക് കൊണ്ടുപോകുന്നു. കുട്ടികൾക്ക് രോമാഞ്ചമുണ്ടാകണം. ആഹാ..., ബാബ നമ്മളെ പുരുഷോത്തമരാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. സംഗമയുഗത്തെയാണ് പുരുഷോത്തമയുഗമെന്ന് പറയുന്നത് എന്ന് മനുഷ്യർക്കറിയില്ല. ഭക്തിമാർഗ്ഗത്തിൽ പുരുഷോത്തമ മാസമെല്ലാം ഉണ്ടാക്കിയിട്ടുണ്ട്. വാസ്തവത്തിൽ പുരുഷോത്തമയുഗമാണ്. ഇവിടെയാണ് ബാബ വന്ന് ഉയർന്നതിലും ഉയർന്നതാക്കി മാറ്റുന്നത്. ഇപ്പോൾ നിങ്ങൾ പുരുഷോത്തമരായി മാറിക്കൊണ്ടിരിക്കുകയാണ്. ഏറ്റവും ഉയർന്നതിലും ഉയർന്ന പുരുഷോത്തമൻ ലക്ഷ്മീ–നാരായണൻ തന്നെയാണ്. മനുഷ്യർക്കൊന്നും മനസ്സിലാകുന്നില്ല. കയറുന്ന കലയിലേക്ക് കൊണ്ടുപോകുന്നത് ഒരു ബാബയാണ്. പടിയുടെ ചിത്രത്തിലൂടെ ആർക്കും മനസ്സിലാക്കിക്കൊടുക്കുന്നത് വളരെ സഹജമാണ്. ബാബ പറയുന്നു ഇപ്പോൾ കളി പൂർത്തിയായി, വീട്ടിലേക്ക് പോകാം. ഇപ്പോൾ പഴയ മോശമായ വസ്ത്രം ഉപേക്ഷിക്കണം. നിങ്ങൾ ആദ്യം പുതിയ ലോകത്തിൽ സതോപ്രധാനമായിരുന്നു. പിന്നീട് 84 ജന്മങ്ങളെടുത്ത് തമോപ്രധാനവും ,ശൂദ്രനുമായി മാറി. ഇപ്പോൾ വീണ്ടും ശൂദ്രനിൽനിന്നും ബ്രാഹ്മണനായി മാറിയിരിക്കുന്നു. ഇപ്പോൾ ബാബ ഭക്തിയുടെ ഫലം നൽകാൻ വന്നിരിക്കുകയാണ്. ബാബ സത്യയുഗത്തിൽ ഫലം നൽകിയിട്ടുണ്ടായിരുന്നു. ബാബയാണ് സുഖദാതാവ്. പതിതപാവനനായ ബാബ വരുമ്പോൾ മനുഷ്യ വംശം മാത്രമല്ല, പ്രകൃതി പോലും സതോപ്രധാനമായി മാറുന്നു. ഇപ്പോൾ പ്രകൃതിയും തമോപ്രധാനമാണ്. ധാന്യങ്ങളൊന്നും ലഭിക്കുന്നില്ല, അവർ മനസ്സിലാക്കുന്നത് ഞങ്ങൾ പല കാര്യങ്ങളും ചെയ്യുന്നുണ്ട്, അടുത്ത വർഷം ധാരാളം ധാന്യമുണ്ടാവുമെന്നാണ്. പക്ഷേ ഒന്നുമുണ്ടാവില്ല. പ്രകൃതിക്ഷോഭമുണ്ടായാൽ ആർക്ക് എന്തു ചെയ്യാൻ സാധിക്കും! വരൾച്ചയുണ്ടാകും, ഭൂകമ്പമുണ്ടാകും, രോഗങ്ങളുണ്ടാകും. രക്തത്തിന്റെ നദി ഒഴുകും. ഇത് അതേ മഹാഭാരതയുദ്ധമാണ്. ഇപ്പോൾ ബാബ പറയുന്നു നിങ്ങൾ തന്റെ സമ്പത്ത് നേടൂ. ഞാൻ നിങ്ങൾ കുട്ടികളെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കാൻ വന്നിരിക്കുകയാണ്. മായയാകുന്ന രാവണൻ ശാപം നൽകുന്നു, നരകത്തിന്റെ സമ്പത്ത് നൽകുന്നു. ഇതും കളിയിലുണ്ടാക്കപ്പെട്ടതാണ്. ബാബ പറയുന്നു, ഡ്രാമയുടെ പ്ലാനനുസരിച്ച് ഞാൻ ശിവാലയത്തിന്റെ സ്ഥാപന ചെയ്യുന്നു. ഈ ഭാരതം ശിവാലയമായിരുന്നു, ഇപ്പോൾ വേശ്യാലയമാണ്. വിഷയസാഗരത്തിൽ മുങ്ങിക്കുളിച്ചുകൊണ്ടിരിക്കുകയാണ്.

ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം, ബാബ നമ്മളെ ശിവാലയത്തിലേക്ക് കൊണ്ടുപോകുന്നു. ഈ സന്തോഷമുണ്ടായിരിക്കണം. നമ്മെ പരിധിയില്ലാത്ത ഭഗവാൻ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ബാബ പറയുന്നു, ഞാൻ നിങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുകയാണ്. ഭാരതവാസികൾ തന്റെ ധർമ്മത്തെക്കുറിച്ചറിയുന്നില്ല. നമ്മുടെ വംശം വളരെ വലുതാണ്. ഇതിൽ നിന്നാണ് മറ്റു വംശങ്ങളെല്ലാം

ഉണ്ടാകുന്നത്. ആദിസനാതനമായിരുന്നത് ഏത് ധർമ്മമായിരുന്നു ഏത് വംശമായിരുന്നു – ഇത് മനസ്സിലാക്കുന്നില്ല. ആദ്യം ആദിസനാതനദേവീദേവതാധർമ്മത്തിലുള്ളവരുടെ വംശപരമ്പര, പിന്നീട് സെക്കന്റ് നമ്പറിൽ ചന്ദ്രവംശത്തിലുള്ളവരുടെ പരമ്പര, പിന്നീട് ഇസ്ലാം വംശത്തിന്റെ പരമ്പര. ഈ മുഴുവൻ വൃക്ഷത്തിന്റെ രഹസ്യവും ആർക്കും പറഞ്ഞുതരാൻ സാധിക്കില്ല. ഇപ്പോൾ നോക്കൂ എത്ര വംശപരമ്പരകളാണ്. ശാഖോപശാഖകളെത്രയാണ്. ഇതാണ് വൈവിധ്യമാർന്ന മതങ്ങളുടെ വൃക്ഷം. ഈ കാര്യം ബാബയാണ് വന്ന് ബുദ്ധിയിൽ നിറക്കുന്നത്. ഇത് പഠനമാണ്, ഇത് ദിവസവും പഠിക്കണം. ഭഗവാനുവാച, ഞാൻ നിങ്ങളെ രാജാക്കന്മാരുടെയും രാജാവാക്കി മാറ്റുന്നു. പതിതമായ രാജാക്കന്മാർ വിനാശിയായ ധനം ദാനം ചെയ്യുന്നതിലൂടെ രാജാവായി മാറുന്നു. ഞാൻ നിങ്ങളെ ഇങ്ങനെ പാവനമാക്കി മാറ്റുകയാണ്, നിങ്ങളെ 21 ജന്മങ്ങളിലേക്ക് വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നു. സത്യയുഗത്തിൽ ഒരിക്കലും അകാലമൃത്യുവില്ല. തന്റേതായ സമയത്ത് ശരീരമുപേക്ഷിക്കുന്നു. നിങ്ങൾ കുട്ടികൾക്ക് ഡ്രാമയുടെ രഹസ്യവും ബാബ മനസ്സിലാക്കിത്തരികയാണ്. സിനിമയും, ഡ്രാമയും ഇവയെല്ലാം ഉണ്ടായതോടെ ഇതിന്റെ ആധാരത്തിൽ മനസ്സിലാക്കിക്കൊടുക്കുന്നതും വളരെ സഹജമാണ്. ഇന്ന് ധാരാളം നാടകങ്ങൾ ഉണ്ടാക്കുന്നുണ്ട്. മനുഷ്യർക്ക് വളരെയധികം താൽപര്യവുമുണ്ട്. അതെല്ലാം പരിധിയുള്ളതാണ്, ഇതാണ് പരിധിയില്ലാത്ത ഡ്രാമ. ഈ സമയം മായയുടെ ഷോ വളരെ വലുതാണ്. മനുഷ്യർ മനസ്സിലാക്കുന്നത് – ഇപ്പോൾ സ്വർഗ്ഗമായി മാറി എന്നാണ്. മുമ്പ് ഇത്രയും കെട്ടിടങ്ങളൊന്നും ഉണ്ടായിരുന്നില്ല. എത്ര വിരോധാഭാസമാണ്. ഭഗവാൻ സ്വർഗ്ഗം രചിക്കുമ്പോൾ മായയും തന്റേതായ സ്വർഗ്ഗം കാണിക്കുന്നു. ഇതാണ് മായയുടെ ഷോ. ഇതാണ് അത്ര ശക്തിശാലിയായ മായ. നിങ്ങൾക്ക് ഈ മായയിൽനിന്നും മുഖം തിരിക്കണം. ബാബയാണ് സാധുക്കളുടെ നാഥൻ. ധനികർക്ക് ഇതാണ് സ്വർഗ്ഗം, സാധുക്കൾക്ക് നരകമാണ്. ഇപ്പോൾ നരകവാസികളെ സ്വർഗ്ഗവാസിയാക്കി മാറ്റണം. സാധുക്കളാണ് സമ്പത്ത് നേടുക. ധനികർ മനസ്സിലാക്കുന്നത് ഞങ്ങളിപ്പോഴും സ്വർഗ്ഗത്തിലാണിരിക്കുന്നത് എന്നാണ്. സ്വർഗ്ഗവും, നരകവും ഇവിടെത്തന്നെയാണ്. ഇക്കാര്യങ്ങളെക്കുറിച്ചെല്ലാം ഇപ്പോൾ നിങ്ങൾ മനസ്സിലാക്കി. ഭാരതം എത്രത്തോളം ദരിദ്രമായി മാറിയിരിക്കുന്നു. ഭാരതം എത്ര സമ്പന്നമായിരുന്നു, ഒരു ആദി സനാതനധർമ്മം മാത്രമേ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ എത്രയോ പുരാതനവസ്തുക്കളെല്ലാം കണ്ടെത്തിക്കൊണ്ടിരിക്കുന്നു. പറയുന്നു ഇത്രയും വർഷത്തെ പുരാതന വസ്തുവാണ്. എല്ലുകളെല്ലാം കണ്ടെത്തുന്നു, പറയുന്നു ഇതിന് ഇത്ര വർഷമുണ്ട്. ലക്ഷക്കണക്കിന് വർഷം പഴക്കമുള്ള എല്ലുകളെല്ലാം എവിടെനിന്നുണ്ടാകാനാണ്. അതിന് എത്രയാണ് വിലയിടുന്നത്.

ബാബ മനസ്സിലാക്കിത്തരികയാണ്, ഞാൻ വന്ന് എല്ലാവരുടേയും സദ്ഗതി ചെയ്യുന്നു, ഇദ്ദേഹത്തിൽ പ്രവേശിക്കുന്നു. ഈ ബ്രഹ്മാവ് സാകാരിയാണ്, ഇതേ ആൾ സൂക്ഷ്മവതനവാസിയായ മാലാഖയായി മാറുന്നു. അത് അവ്യക്തവും, ഇത് വ്യക്തവും. ബാബ പറയുന്നു, ഞാൻ ബ്രഹ്മാവിന്റെ വളരെ ജന്മങ്ങളുടെ അന്തിമജന്മത്തിന്റെയും അന്തിമത്തിലേക്കാണ് പ്രവേശിക്കുന്നത്. ആരാണോ നമ്പർ വൺ പാവനമായിരുന്നത് അതേ ആൾ വീണ്ടും നമ്പർ വൺ പതിതമായി മാറുന്നു. ഞാൻ ഈ ശരീരത്തിലേക്കാണ് വരുന്നത്. കാരണം ഇദ്ദേഹത്തിന് വീണ്ടും നമ്പർ വൺ പാവനമായി മാറണം. ഇദ്ദേഹം സ്വയം ഞാൻ ഭഗവാനാണ്, ഇന്നയാളാണ് എന്നൊന്നും പറയുന്നില്ലല്ലോ. ബാബക്കുമറിയാം, ഞാൻ ഈ ശരീരത്തിലേക്ക് പ്രവേശിച്ച് ഈ ബ്രഹ്മാവിലൂടെ എല്ലാവരേയും സതോപ്രധാനമാക്കി മാറ്റുന്നു. ഇപ്പോൾ ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ് നിങ്ങൾ അശരീരിയായി വന്നു, 84 ജന്മത്തിന്റെ പാർട്ട് അഭിനയിച്ചു, ഇപ്പോൾ തിരിച്ചുപോകണം. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ, ദേഹാഭിമാനത്തെ ഉപേക്ഷിക്കൂ. കേവലം ഓർമ്മയാകുന്ന യാത്രയിലിരിക്കണം. യാതൊരു പ്രയാസവുമില്ല. ആരാണോ പവിത്രമായി മാറുന്നത്, ജ്ഞാനം കേൾക്കുന്നത്, അവർ വിശ്വത്തിന്റെ അധികാരിയായി മാറും. എത്ര വലിയ സ്കൂളാണ്. പഠിപ്പിക്കുന്ന ബാബ എത്ര നിരഹങ്കാരിയായി മാറി പതിതമായ ലോകത്തിലേക്ക്, പതിതമായ ശരീരത്തിലേക്ക് വരുന്നു. ഭക്തിമാർഗ്ഗത്തിൽ നിങ്ങൾ ബാബക്കുവേണ്ടി എത്ര നല്ല സ്വർണ്ണത്തിന്റെ ക്ഷേത്രങ്ങളുണ്ടാക്കുന്നു. ഈ സമയം നിങ്ങളെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റുന്നു. പതിതമായ ശരീരത്തിലേക്ക് വന്നിരിക്കുന്നു. പിന്നീട് ഭക്തിമാർഗ്ഗത്തിൽ നിങ്ങളെന്നെ സോമനാഥക്ഷേത്രത്തിലിരുത്തുന്നു. സ്വർണ്ണത്തിന്റേയും, വജ്രത്തിന്റേയും ക്ഷേത്രമുണ്ടാക്കുന്നു. കാരണം നിങ്ങൾക്കറിയാം ഞങ്ങളെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റിയിട്ടുണ്ട്, അതുകൊണ്ടാണ് സത്കരിക്കുന്നത്. ഈ രഹസ്യങ്ങളെല്ലാം മനസ്സിലാക്കിത്തന്നു. ഭക്തി ആദ്യം അവ്യഭിചാരിയും, പിന്നീട് വ്യഭിചാരിയുമായി മാറുന്നു. ഇക്കാലത്ത് മനുഷ്യർ മനുഷ്യനെത്തന്നെ പൂജിക്കുന്നത് കണ്ടില്ലേ. ഗംഗാതീരത്ത് പോയി നോക്കൂ. ശിവോഹമെന്ന് പറഞ്ഞ് ഇരിക്കുന്നു. മാതാക്കൾ പോയി പാലഭിഷേകം ചെയ്യുന്നു. പൂജ ചെയ്യുന്നു. ഈ ദാദയും (ബ്രഹ്മാ) ഇതെല്ലാം ചെയ്തിരുന്നു. നമ്പർ വൺ പൂജാരിയായിരുന്നല്ലോ. അത്ഭുതമല്ലേ. ബാബ പറയുന്നു ഇത് വണ്ടർഫുള്ളായ ലോകമാണ്. എങ്ങനെയാണ് സ്വർഗ്ഗമുണ്ടാകുന്നത്, എങ്ങനെയാണ് നരകമുണ്ടാകുന്നത് – എല്ലാ രഹസ്യങ്ങളും കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്. ഈ ജ്ഞാനം ശാസ്ത്രങ്ങളിലില്ല. അതെല്ലാം തത്വശാസ്ത്രമാണ്. ഇതാണ് ആത്മീയ ജ്ഞാനം. ഇത് ആത്മീയ പിതാവിനല്ലാതെ വേറെയാർക്കും നൽകാൻ

സാധിക്കില്ല. ഇപ്പോൾ നിങ്ങൾ ബ്രാഹ്മണർക്കും. മാത്രമല്ല, നിങ്ങൾ ബ്രാഹ്മണർക്കല്ലാതെ ഈ ആത്മീയ ജ്ഞാനം വേറെയാർക്കും ലഭിക്കുന്നുമില്ല. ഏതുവരെ ബ്രാഹ്മണനാകുന്നില്ലയോ അതുവരെ ദേവതയാകാനും സാധിക്കുന്നില്ല. നിങ്ങൾ കുട്ടികൾക്ക് വളരെ സന്തോഷമുണ്ടായിരിക്കണം, ഞങ്ങളെ പഠിപ്പിക്കുന്നത് ഭഗവാനാണ്, ശ്രീകൃഷ്ണനല്ല. ശരി,

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചുകിട്ടിയ മധുരമധുരമായ സന്താനങ്ങൾക്ക് മാതാവും,പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാലവന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1) മായയുടെ ഷോ വളരെ കൂടുതലാണ്, ഇതിൽനിന്നും തന്റെ മുഖം തിരിക്കണം. സദാ ഈ സന്തോഷത്തിൽ രോമാഞ്ചമുണ്ടാകണം- ഞാൻ ഇപ്പോൾ പുരുഷോത്തമനായി മാറിക്കൊണ്ടിരിക്കുകയാണ്, ഭഗവാൻ എന്നെ പഠിപ്പിക്കുകയാണ്.

2) വിശ്വത്തിന്റെ രാജ്യഭാഗ്യം നേടുന്നതിനുവേണ്ടി കേവലം പവിത്രമായി മാറണം. എങ്ങിനെയാണോ ബാബ നിരഹങ്കാരിയായി മാറി പതിതമായ ലോകത്തിലേക്കും, പതിതമായ ശരീരത്തിലേക്കും വരുന്നത്, അതേപോലെ ബാബക്ക് സമാനം നിരഹങ്കാരിയായി മാറി സേവനം ചെയ്യണം.

## വരദാനം-ഒരേയൊരു ബാബയുമായി സർവ്വസംബന്ധങ്ങളും വെച്ചുകൊണ്ട്, എല്ലാതീരങ്ങളിൽനിന്നും മുക്തമായ സമ്പൂർണ്ണ ഫരിഷ്തയായി ഭവിക്കട്ടെ.

പാചകം ചെയ്യുന്ന സമയത്ത് ,പൂർണ്ണമായി പാകമായിക്കഴിഞ്ഞാൽ ആ വസ്തു പാത്രത്തിൽനിന്നും അകലാൻതുടങ്ങും.അതുപോലെ,സമ്പന്നതയുടെ അവസ്ഥ എത്രത്തോളം സമീപത്തെത്തുന്നുവോ എല്ലാത്തിൽ നിന്നും വേറിടാനാരംഭിക്കും.വൃത്തിയിലൂടെ എല്ലാ ബന്ധനങ്ങളിൽ നിന്നും അകലാൻ തുടങ്ങുമ്പോൾ അഥവാ ആരിലും ഒരു മമത്വവും ഇല്ലാതിരിക്കുന്ന അവസ്ഥയിലേക്ക് എത്തുമ്പോൾ മാത്രമേ സമ്പൂർണ്ണ ഫരിഷ്തയായി മാറുകയുള്ളൂ.ഒരേയൊരു ബാബയുമായി സർവ്വബന്ധങ്ങളും കൂട്ടിച്ചേർക്കുക -ഇത് മാത്രമാണ് ആശ്രയം.ഇതിലൂടെ മാത്രമേ അന്തിമ സമയത്ത് ഫരിഷ്താ ജീവിതത്തിന്റെ ലക്ഷണം സമീപത്ത് അനുഭവമാവുകയുള്ളൂ.മാത്രമല്ല,ബുദ്ധിയുടെ അലച്ചിലും സമാപ്തമാകുന്നു.

## സ്ലോഗൻ:- ഗ്ളാനി ചെയ്യുന്നവരെപ്പോലും സമീപത്തേക്ക് കൊണ്ടുവരുന്ന കാന്തമാണ് സ്നേഹം.

**തന്റെ ശക്തിശാലിയായ മനസ്സിലൂടെ സകാശ് നൽകുന്ന സേവനം ചെയ്യൂ...**
മനസാസേവനത്തിനായി മനസ്സ്,ബുദ്ധി എന്നിവ വ്യർത്ഥം ചിന്തിക്കുന്നതിൽ നിന്നും മുക്തമാകുകയും,മന്മനാഭവ: എന്ന മന്ത്രത്തിന്റെ സ്വാഭാവിക സ്വരൂപമായി മാറുകയും വേണം.ഏത് ശ്രേഷ്ഠ ആത്മാക്കളുടെ മനസ്സ്,അഥവാ സങ്കൽപം ശക്തിശാലിയാണോ ,ശുഭഭാവനയും ശുഭകാമനയും നിറഞ്ഞതാണോ അവർക്കേ മനസാ ശക്തികളുടെ ദാനം ചെയ്യാൻ കഴിയുകയുള്ളൂ.